# <u>പൊതുമരാമത്ത് വകുപ്പ് ഭരണവിഭാഗം</u>

## <u>ചീഫ് എഞ്ചിനീയറുടെ നടപടി ക്രമം</u>

**(ഹാജർ: ജീവരാജ്.എം.എൻ)**

വിഷയം: പൊ.മ.വ - ജീവനക്കാര്യം - ശ്രീ.സുർജിത്.കെ.എൻ, അസിസ്റ്റന്റ് എഞ്ചിനീയർ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA (Ekm) No.31/2018 കേസിലെ 05/01/2018 തീയതിയിലെ വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 1. 12/12/2017 തീയതി പ്രകാരം ശ്രീ.സുർജിത്.കെ.എൻ, അസിസ്റ്റന്റ് എഞ്ചിനീയർ സമർപ്പിച്ച അപേക്ഷ (അനക്സർ എ5)

2. ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA (Ekm) No.31/2018 കേസിലെ 05/01/2018 തീയതിയിലെ വിധി ന്യായം

### <u>ഉത്തരവ് നം.ഇബി3/688/2018 തീയതി 16/03/2018</u>

പൊതുമരാമത്ത് വകുപ്പ് ബദിയടുക്ക നിരത്ത് സെക്ഷനിലെ അസിസ്റ്റന്റ് എഞ്ചിനീയറായ ശ്രീ.സുർജിത്.കെ.എൻ, ടിയാന്റെ എറണാകുളം ജില്ലയിലേയ്ക്കുള്ള 12/12/2017 തീയതി പ്രകാരമുള്ള സ്ഥലമാറ്റ അപേക്ഷ പരിഗണിച്ചിട്ടില്ലായെന്ന് കാണിച്ച് ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ OA (Ekm) No.31/2018 കേസ് ഫയൽ ചെയ്തു. എറണാകുളം ജില്ലയിൽ നിലവിലുള്ളതോ ഭാവിയിൽ ഉണ്ടാകുന്നതോ ആയ ഒഴിവുകൾ നികത്തുന്നതിന് മുമ്പായി ശ്രീ.സുർജിത്.കെ.എൻ-ന്റെ 12/12/2017 തീയതി പ്രകാരമുള്ള അപേക്ഷയിൻമേൽ (അനക്സർ എ5) തീരുമാനം എടുത്ത് ഉത്തരവ് പുറപ്പെടുവിക്കാൻ രണ്ടാം എതിർ കക്ഷിയായ ഭരണവിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകികൊണ്ട് പരാമർശം (2) ഉത്തരവ് പ്രകാരം ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ വിധി പ്രസ്താവിക്കുകയുണ്ടായി. ടി വിഷയം സംബന്ധിച്ച വസ്തുതകൾ ചുവടെ പരാമർശിക്കുന്നു.

ശ്രീ.സുർജിത്.കെ.എൻ, ടിയാൻ, ഒന്നാംതരം ഓവർസീയർ/ ഡ്രാഫ്റ്റ്സ്മാൻ തസ്തികയിൽ നിന്നും അസിസ്റ്റന്റ് എഞ്ചിനീയറായി സ്ഥാനക്കയറ്റം ലഭിച്ചതിനെ തുടർന്നാണ് ബദിയടുക്ക റോഡ്സ് സെക്ഷനിൽ ഉത്തരവ് നമ്പർ.ഇബി3/10079/2017 തീയതി *08/08/2017 പ്രകാരം നിയമിതനായത്. പ്രസ്തുത സമയത്ത്* നിലവിലുണ്ടായിരുന്ന ഒഴിവുകളിൽ സീനിയോറിറ്റി അടിസ്ഥാനമാക്കിയാണ്

നിയമനം നൽകിയത്. എറണാകുളം ജില്ലയിലേയ്ക്ക് സ്ഥലംമാറ്റം ആവശ്യപ്പെട്ട് 18/09/2017, 13/10/2017 തീയതികൾ പ്രകാരം പരാതിക്കാരൻ നേരിട്ട് അപേക്ഷ സമർപ്പിച്ചിരുന്നു. സ്ഥലംമാറ്റത്തിനായുള്ള അപേക്ഷകൾ നിയന്ത്രണാധികാരി മുഖേന (ഉചിത മാർഗ്ഗേന) സമർപ്പിക്കണമെന്നും അല്ലാത്തവ പരിഗണിയ്ക്കില്ലായെന്നും സർക്കുലർ നമ്പർ. ഇബി5/21878/2016 തീയതി 26/12/2016 പ്രകാരം വകുപ്പിലെ എല്ലാ ജീവനക്കാരുടെയും ശ്രദ്ധയിലേയ്ക്കായി അറിയിപ്പ് നൽകിയിട്ടുള്ളതാണ്. ശ്രീ.സുർജിത്.കെ.എൻ, ടിയാന്റെ 12/12/2017 തീയതി പ്രകാരമുള്ള സ്ഥലംമാറ്റ അപേക്ഷ (അനക്സർ എ5) മാത്രമാണ് ചട്ടപ്രകാരം നിയന്ത്രണാധികാരി മുഖേന സമർപ്പിച്ചിട്ടുള്ളത്. പ്രസ്തുത അപേക്ഷ ഈ കാര്യാലയത്തിൽ ലഭിക്കുന്നത് 09/01/2018 തീയതിയിൽ മാത്രമാണ്. എന്നാൽ സ്ഥാനക്കയറ്റം നൽകുന്നതിന്റെ ഭാഗമായി സ്വന്തം ജില്ലയ്ക്ക് പുറത്ത് നിയമിയ്ക്കപ്പെടുന്ന ജീവനക്കാർക്ക് അവരുടെ സ്വന്തം ജില്ലകളിൽ ഒഴിവുകൾ നിലവിൽ വരുമ്പോൾ സ്ഥലമാറ്റത്തിനുള്ള അപേക്ഷ കൂടാതെ തന്നെ സ്ഥലമാറ്റത്തിനായി ചട്ടപ്രകാരം പരിഗണിച്ചിട്ടുണ്ട്/ പരിഗണിച്ച് വരുന്നു. എന്നാൽ മാനദണ്ഡ പ്രകാരം ശ്രീ.സുർജിത്.കെ.എൻ-ന്റെ അവസരം ആകാത്തതിനെ തുടർന്നാണ് സ്ഥലംമാറ്റം ലഭിക്കാത്തത്.

ശ്രീ.സുർജിത്.കെ.എൻ-ന്റെ അപേക്ഷ നിലനിൽകെ 3 പേർക്കു പി.എസ്സ്.സി മുഖേന എറണാകുളം ജില്ലയിൽ നിയമനം നൽകിയെന്ന അനക്സർ എ5 ലെ പരാമർശം ശരിയാണ്. എന്നാൽ ഇത്തരത്തിൽ നിയമനം ലഭിച്ച മൂന്ന് പേരും വനിതകളാണ്. നിലവിലെ സാമൂഹ്യ ചുറ്റുപാടിൽ സ്ത്രീകൾ അനുഭവിക്കുന്ന വിഷമതകൾ സമൂഹത്തിന്റെ വിവിധ കോണുകളിൽ ചർച്ചചെയ്യപ്പെടുന്നു. ടി വിഷയം പൊതുമരാമത്ത് വകുപ്പും സഗൗരവം പരിഗണിച്ച് വരുന്നു. ആകയാൽ സ്ഥലംമാറ്റവും നിയമനവും നൽകുമ്പോൾ വനിത ജീവനക്കാർക്ക് സ്വന്തം ജില്ലയിൽ നിയമനം നൽകുന്നതിന് പരിഗണന നൽകുന്നുണ്ട്. അതിനാലാണ് പി.എസ്സ്.സി മുഖേന നിയമന ശുപാർശ ലഭിച്ച മൂന്ന് വനിതകളെ എറണാകുളം ജില്ലയിൽ നിയമിച്ചത്. സ്ഥലംമാറ്റം മുഖേന എറണാകുളം ജില്ലയിൽ നിയമിക്കപ്പെട്ട ശ്രീ.കെ.എം.സൈനുദ്ദീൻ, ശ്രീ.കെ.എൻ.ഹാരിഷ് എന്നിവർക്ക് ഒന്നാംതരം ഓവർസീയർ/ഡ്രാഫ്റ്റ്സ്മാൻ തസ്തികയിൽ നിന്നും അസിസ്റ്റന്റ് എഞ്ചിനീയർമാരായി സ്ഥാനക്കയറ്റം ലഭിച്ചത് ഉത്തരവ് നമ്പർ. ഇബി3/10079/2013 തീയതി *27/07/2017* പ്രകാരമാണ്. അവർ പരാതിക്കാരനെക്കാളും വളരെ സീനിയറായവരും വിരമിക്കുന്നതിന് യഥാക്രമം 2, 4 വർഷം മാത്രം

സർവ്വീസുള്ളവരുമാണ്. ശ്രീ.സുർജിത്.കെ.എൻ നെക്കാളും സീനിയറായ ഉദ്യോഗസ്ഥർ സ്വന്തം ജില്ലയിലേയ്ക്ക് സ്ഥലംമാറ്റം പ്രതീക്ഷിച്ച് ഇപ്പോഴും കാസർഗോഡ് ജില്ലയിൽ തുടരുന്നു. ഇവർക്ക് അവശേഷിക്കുന്ന സർവ്വീസ് ശ്രീ.സുർജിത്.കെ.എൻ നെക്കാളും കുറവാണ്. സെക്ഷൻ ഓഫീസുകളിലെ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തിക ഓഫീസ് മേലധികാരി കൂടിയായതിനാൽ സ്ഥലംമാറ്റം നൽകുമ്പോൾ പകരക്കാരെ നിയമിക്കേണ്ടത് അത്യന്താപേക്ഷികമാണ്. പകരം നിയമിക്കാൻ ജീവനക്കാരില്ലാത്തതിനാലാണ് ശ്രീ.സുർജിത്.കെ.എൻ-നെക്കാളും സീനിയറായ ജീവനക്കാരുടെ സ്ഥലംമാറ്റ അപേക്ഷകളും നാളിതുവരെ പരിഗണിയ്ക്കാത്തത്. സ്ഥാനക്കയറ്റം മുഖേന നിയമിക്കപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർമാരിൽ ഏറ്റവും ജൂനിയറായ വ്യക്തിയാണ് ശ്രീ.സുർജിത്.കെ.എൻ. സർക്കാർ ഉത്തരവ് (അച്ചടിച്ചത്) നം.3/2017/ഉ.ഭ.പ.വ തീയതി 25/02/2017 അനുസരിച്ചുള്ള അനുകമ്പാർഹമായ കാരണങ്ങൾ സംബന്ധിച്ച മാനദണ്ഡ പ്രകാരമാണ് ശ്രീ.സുർജിത്.കെ.എൻ സ്ഥലംമാറ്റം ആവശ്യപ്പെടുന്നതെന്ന് പരാമർശം (2) പ്രകാരമുള്ള ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ വിധിന്യായത്തിൽ പരാമർശിച്ചിട്ടുള്ളത്. എന്നാൽ പ്രസ്തുത സർക്കാർ ഉത്തരവിൽ പരാമർശിച്ചിട്ടുള്ള അനുകമ്പാർഹമായ പരിഗണനയ്ക്ക് ഉപോല്ബലകമാകുന്ന രേഖകൾ ഒന്നും ശ്രീ.സുർജിത്.കെ.എൻ, ടിയാന്റെ 12/12/2017 തീയതി പ്രകാരമുള്ള അപേക്ഷയോടൊപ്പം (അനക്സർ എ5) ഉള്ളടക്കം ചെയ്തിട്ടില്ല. ആകയാൽ പരാതിക്കാരന്റെ 12/12/2017 തീയതിയിലെ അപേക്ഷ (അനക്സർ എ5) പൊതു സ്ഥലംമാറ്റം സംബന്ധിച്ച മാർഗനിർദ്ദേശങ്ങൾ വ്യക്തമാക്കുന്ന സർക്കാർ ഉത്തരവ് (അച്ചടിച്ചത്) നം.3/2017/ഉ.ഭ.പ.വ തീയതി 25/02/2017-ലെ അനുകമ്പാർഹമായ കാരണങ്ങൾ വിശദമാക്കുന്ന ഖണ്ഡിക (4) പ്രകാരം പരിഗണിയ്ക്കുവാൻ കഴിയാത്തതിനാൽ നിരസിക്കുന്നു.

ശ്രീ.സുർജിത്.കെ.എൻ, സർക്കാർ ഉത്തരവ് (അച്ചടിച്ചത്) നം.3/2017/ഉ.ഭ.പ.വ തീയതി 25/02/2017 നിഷ്കർഷിച്ചിട്ടുള്ള രേഖകൾ സഹിതം പുതിയ അപേക്ഷ സമർപ്പിച്ചാൽ ഖണ്ഡിക (4) പ്രകാരമുള്ള അനുകമ്പാർഹമായ കാരണങ്ങളുടെ അടിസ്ഥാനത്തിൽ സ്ഥലംമാറ്റത്തിന് പരിഗണിയ്ക്കുന്നതാണ്. അല്ലാത്തപക്ഷം ടിയാന്റെ 12/12/2017 തീയതിയിലെ അപേക്ഷ (അനക്സർ എ5), മേൽ പരാമർശിച്ചിട്ടുള്ള സർക്കാർ ഉത്തരവിലെ ഖണ്ഡിക (4) ഒഴികെയുള്ള മാർഗ നിർദ്ദേശങ്ങൾ പ്രകാരം ഇതര ജീവനക്കാരുടെ അപേക്ഷകളോടൊപ്പം 2018-ലെ പൊതു സ്ഥലംമാറ്റം നടപ്പാക്കുമ്പോൾ പരിഗണിയ്ക്കുന്നതാണ്.

ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA (Ekm) No.31/2018 കേസിലെ 05/01/2018 തീയതിയിലെ വിധിന്യായം ഇപ്രകാരം പാലിച്ച് തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഒപ്പ്/-**
**ചീഫ് എഞ്ചിനീയർ**
**പൊതുമരാമത്ത് ഭരണവിഭാഗം**

പകർപ്പ്:

1. പ്രിൻസിപ്പൽ സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്, തിരുവനന്തപുരം അറിവിലേയ്ക്കായി സമർപ്പിക്കുന്നു. (ആമുഖ കത്ത് മുഖേന)
2. അഡ്വക്കേറ്റ് ജനറൽ, എറണാകുളം, കൊച്ചി - 682 031 (ആമുഖ കത്ത് മുഖേന)
3. വ്യക്തിക്ക് (കാസർഗോഡ് റോഡ്സ് സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മുഖേന)
4. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് നിരത്ത് സബ് ഡിവിഷൻ, കാസർഗോഡ് (വ്യക്തിഗത പകർപ്പ് സഹിതം)
5. അധിക പകർപ്പ് / വെബ്സൈറ്റ്

ഉത്തരവിൻ പ്രകാരം

**ഭരണസഹായി (ജനറൽ)**